പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1788 — 25.03.13-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിനുള്ള ദൂരപരിധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി ഗീതാ ഗോപി** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | മത്സ്യത്തൊഴിലാളികൾ കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എന്തു നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നു വിശദമാക്കുമോ; | (എ) | 1976-ലെ Territorial waters, Contiguous Zone and Exclusive Economic Zone and other Maritime Zone Act (Central) പ്രകാരമാണ് കടലിലെ 12 നോട്ടിക്കൽമൈൽ വരെയുള്ള ദൂരം ടെറിട്ടോറിയൽ വാട്ടേഴ്സ് എന്നും 24 നോട്ടിക്കൽ മൈൽ വരെയുള്ള തീരം Contiguous Zone എന്നും തരംതിരിച്ചിരിക്കുന്നത്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ടെറിട്ടോറിയൽ വാട്ടേഴ്സ് ആയ 12 നോട്ടിക്കൽ മൈൽ വരെയുള്ള കടലിലെ പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നതിനാണ് ലൈസൻസ് നൽകുന്നത്. പ്രസ്തുത 12 നോട്ടിക്കൽ മൈൽ കഴിഞ്ഞ് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് സെൻട്രൽ അഗ്രികൾച്ചറൽ മന്ത്രാലയത്തിന്റെ ലെറ്റർ ഓഫ് പെർമിഷൻ നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | ദൂരപരിധി ഏർപ്പെടുത്തിയതു സംബന്ധിച്ച് തൊഴിലാളികൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ, ദൂരപരിധി അടിച്ചേൽപ്പിക്കുന്ന നടപടി പിൻവലിക്കുമോ; | (ബി) | ലെറ്റർ ഓഫ് പെർമിഷൻ നിർബന്ധമാക്കിയതിനെതിരെ (വിദേശകപ്പലുകൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകിയതിനെതിരെ) താഴെ പറയുന്നവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.<br>1.ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ<br>2. മത്സ്യത്തൊഴിലാളി ഐക്യ വേദി<br>3. മാരിനേഴ്സ് അസോസിയേഷൻ ഓഫ് മലബാർ |
| (സി) | അനുവദനീയമായ 12 നോട്ടിക്കൽ മൈൽ എന്ന ദൂരപരിധി 25 നോട്ടിക്കൽ മൈൽ ആയി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ